**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3025** **13-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവള്ളൂർ ആയഞ്ചേരി റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവള്ളൂർ ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തിയുടെ നാമകരണ മാറ്റം സംബന്ധിച്ചുള്ള നടപടിക്രമങ്ങളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ; എസ്റ്റിമേറ്റിലെ എന്തൊക്കെ മാറ്റം കാരണമാണ് പുതുക്കിയ അനുമതിക്കായി സമർപ്പിച്ചത് എന്നറിയിക്കാമോ; | (എ) | തിരുവള്ളൂർ ആയഞ്ചേരി റോഡ് നിർമ്മാണ പ്രവൃത്തിയുടെ നാമകരണം മാറ്റം സംബന്ധിച്ച നടപടികൾ PWD-PS2/373/2021-PWD നം. ഫയലിൽ പരിശോധിച്ചുവരുന്നു. DSR 2018 നിലവിൽ വന്നപ്പോൾ ഉണ്ടായ എസ്റ്റിമേറ്റ് നിരക്കിലെ വ്യതിയാനവും അനുവദിച്ച തുകയ്ക്കുള്ളിൽ തന്നെ എസ്റ്റിമേറ്റ് ഉൾക്കൊള്ളിക്കേണ്ടതിനാലുമാണ് പ്രസ്തുത പ്രവൃത്തി നീളം കുറച്ച് നാമകരണ മാറ്റത്തിനുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നത്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണെന്ന് അറിയിക്കാമോ; | (ബി) | 02.08.2019-ലെ സ.ഉ(സാധാ) നം. 966/2019/ പൊ.മ.വ പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | നാമകരണ മാറ്റത്തിന് അംഗീകാരം നൽകുന്ന നടപടികൾ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു. അംഗീകാരം നൽകിയതിനു ശേഷം തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ